**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1854** **11-10-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് ബസ്സുകളുടെ നികുതി കുറയ്ക്കാനുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ബസ്സുകൾ കേന്ദ്ര സർക്കാരിന്റെ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളുടെ പിൻബലത്തിൽ സംസ്ഥാനത്ത് സ്ഥിരമായി സർവീസ് നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ബസുകൾ സംസ്ഥാനത്ത് സ്ഥിരമായി സർവ്വീസ് നടത്തി വരുന്നത് സംബന്ധിച്ച വിവര ശേഖരണം മോട്ടോർ വാഹന വകുപ്പ് നടത്തി വരുന്നുണ്ട്. |
| (ബി) | ഇതിന് പരിഹാരമെന്നോണം ഇത്തരം ബസ്സുകളുടെ രജിസ്ട്രേഷൻ കേരളത്തിൽത്തന്നെ നടത്തുന്നതിന് സഹായകമാകുംവിധം ടൂറിസ്റ്റ് ബസ്സുകളുടെ നികുതി കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ടൂറിസ്റ്റ് ബസ്സുകളുടെ നികുതി ഘടന കുറയ്ക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല. |
| (സി) | ആൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് എടുത്ത് കേരളത്തിൽ എത്തുന്ന ബസുകളിൽ നിന്നും നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ടാക്സേഷൻ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ? | (സി) | ഈ സംബന്ധിച്ച് നടന്നു വരുന്ന കോടതി വ്യവഹാരങ്ങളുടെ അന്തിമ തീർപ്പിന് വിധേയമായി തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ